# മെത്രാപ്പോലീത്തായുടെ കത്ത്



**(ഓഗസ്റ്റ് 2016)**

**കർത്താവിൽ പ്രിയരേ,**

2016 ഓഗസ്റ്റ് മാസം നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം ദീപ്തമായ ചരിത്രസ്മരണകൾ ഉണർത്തുന്ന ഒരു അവസരമാണ്. 180 വർഷങ്ങൾക്കു മുമ്പ് കേരളത്തിന്റെ ആദ്ധ്യാത്മികവും സാമൂഹികവുമായ ഇടങ്ങളിൽ നവീകരണത്തിന്റെ കാഹളമൂതിക്കൊണ്ട് നവോത്ഥാനത്തിന്റെ ചലനങ്ങൾ സൃഷ്ടിച്ചതിന്റെ സ്മരണകൾ പുതുക്കുന്ന ഒരു സന്ദർഭമാണിത്. 180 സംവൽസരങ്ങൾക്കു മുമ്പാണ് പാലക്കുന്നത്ത് ഏബ്രഹാം മൽപാനച്ചൻ മാരാമൺ പള്ളിയിൽ പ്രോമിയോനും സെദറായും കുർബാനമദ്ധ്യേ സുറിയാനി മൂലത്തിൽ നോക്കിക്കൊണ്ട് മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രാർത്ഥന നടത്തിയത്. ഹൈന്ദവ ചിന്തയിൽ സംസ്കൃതത്തിനുള്ള സ്ഥാനവും ഇസ്ളാമിക ചിന്തയിൽ അറബി ഭാഷയ്ക്കുള്ള സ്ഥാനവും പോലെ അനിഷേധ്യമായ സ്ഥാനം മലങ്കരയിലെ നസ്രാണികൾക്കിടയിലെ പ്രാർത്ഥനകളിൽ സുറിയാനി ഭാഷയ്ക്കുണ്ടായിരുന്നു. അർത്ഥം മനസ്സിലാകാതെയാണെങ്കിലും സുറിയാനി ഭാഷയിൽ ദൈവത്തെ ആരാധിപ്പാൻ അക്കാലത്തു ജനങ്ങൾ നിർബന്ധിതരായിരുന്നു. അതൊരുതരം മാനസികവും ആത്മീയവുമായ അടിമത്തം തന്നെയായിരുന്നു. ആ അടിമത്തത്തിന്റെ ചങ്ങലകളെയാണ്, പ്രാർത്ഥനകളെ മലയാളത്തിലാക്കി, ഹൃദയത്തിന്റെ ഭാഷയിൽ പ്രാർത്ഥിക്കുവാൻ ആരംഭിച്ചതിലൂടെ പാലക്കുന്നത്ത് ഏബ്രഹാം മൽപാനച്ചനും കൈതയിൽ ഗീവർഗീസ് മൽപാനച്ചനും പൊട്ടിച്ചെറിഞ്ഞത്. സുറിയാനിയിൽ ഉപയോഗിച്ചിരുന്ന പ്രാർത്ഥനകൾ മലയാളത്തിൽ തർജ്ജമ ചെയ്തു ചൊല്ലിയത് ഒരു ഭാഷയുടെ സ്ഥാനവ്യതിയാനം മാത്രമായിരുന്നില്ല. വലിയവനായ ദൈവത്തെ ഹൃദയത്തിൽ ആരാധിക്കുവാൻ കഴിയുന്നതാണ് ശ്രേഷ്ഠമായ ആരാധന എന്ന ആ വിപ്ലവകരമായ ചിന്തയിൽ നിന്നും പടർന്നു കയറിയ തീനാളങ്ങൾ മലങ്കരയിലാകമാനം പുതിയൊരു ശുദ്ധീകരണത്തിനു ദീപശിഖകൾ കൊളുത്തിവെച്ചു. ആ ശുദ്ധീകരണത്തിനു മലങ്കരസഭയിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. കൈതയിൽ ഗീവർഗീസ് മൽപ്പാനച്ചനും കോവൂർ ഐപ്പ് തോമാ കത്തനാരും ഈ നവീകരണ പോർക്കളത്തിൽ ഏബ്രഹാം മല്പാനച്ചനോടൊപ്പം സജീവമായി രംഗത്തിറങ്ങി. പാശ്ചാത്യ സഭയിൽ വിക്ലിഫ് വേദപുസ്തകം തർജ്ജമചെയ്ത് ഇംഗ്ലീഷ് ഭാഷയിലാക്കിയ കാലഘട്ടം വിപ്ലവകരമായ നവോത്ഥാനത്തിന്റെ കാലഘട്ടമായി തീർന്നതിനു സമാനമായിരുന്നു മലങ്കരയിലെ നവോത്ഥാനകാലഘട്ടവും.

ദൈവം സൃഷ്ടിച്ച മനുഷ്യനു ദൈവം നൽകിയ വരദാനമായിരുന്നു ആശയവിനിമയത്തിനുള്ള ഭാഷ. പരസ്പരം മനസ്സിലാക്കുവാനും തങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ അവതരിപ്പിക്കുവാനും ഭാഷ ആവശ്യമായിരുന്നു. ആ പൈതൃകം മനുഷ്യൻ നഷ്ടപ്പെടുത്തിയതിന്റെ ഉൽഭവ ചരിത്രമാണ് ഉൽപത്തി പുസ്തകത്തിലെ ബാബേൽ സംഭവത്തിലൂടെ വിവരിക്കുന്നത്. ബാബേൽ ഗോപുര നിർമ്മിതി മനുഷ്യന്റെ അഹങ്കാരത്തിന്റെ ഒരു വേലിയേറ്റമായിരുന്നു. ആകാശത്തോളം എത്തുന്ന ഗോപുരം പണിയാനും ഒരു പേരുണ്ടാക്കുവാനുമുള്ള അവരുടെ ശ്രമം ദൈവസഹായം കൂടാതെ സ്വന്തം ഇച്ഛാശക്തികൊണ്ടും കരുത്തുകൊണ്ടും ഉയരാനുള്ള ശ്രമമായിരുന്നു. അവിടെയാണ് ഭാഷയുടെ കലക്കം ഉണ്ടായി എല്ലാം താറുമാറായതും, ഭാഷകൾ പലതായി മാറിയതും, ഒരാൾ പറയുന്നത് മറ്റൊരാൾക്കും മനസ്സിലാക്കാൻ കഴിയാത്ത സാഹചര്യം രൂപപ്പെട്ടതും. ഈ അവസ്ഥയ്ക്കു മാറ്റം വരുന്നത് അപ്പൊസ്തൊല പ്രവൃത്തികളിൽ നാം കാണുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ സഭയ്ക്കു പകർന്നു കിട്ടിയപ്പോഴായിരുന്നു. വിവിധ ദേശക്കാരുടെയും ഭാഷക്കാരുടെയും ഭാഷകൾ പോലും തിരിച്ചറിയാൻ കഴിയുന്ന കേൾവിയുടെയും തിരിച്ചറിവിന്റെയും അതിശയമാണ് അവിടെ അന്നു നടന്നത്. ഇതു ആദിമസഭയെ സംബന്ധിച്ചിടത്തോളം പുതിയൊരു യുഗപ്പിറവിയുടെ തുടക്കമായിരുന്നു. അപരന്റെ ഭാഷ മനസ്സിലാക്കുന്നതിലുപരിയായി അപരന്റെ വേദനകളെ സ്വന്തം വേദനകളായി ഉൾക്കൊള്ളുവാനും അപരന്റെ സന്തോഷത്തെ സ്വന്തം സന്തോഷമായി അംഗീകരിക്കാനും കഴിയുന്ന ഒരു ഹൃദയവിശാലതയിലേക്കാണ് പരിശുദ്ധാത്മദാനം അവരെ നയിച്ചത്. അപരന്റെ വേദനയെ ഉൾക്കൊള്ളുന്നതു മാത്രമല്ല അവന്റെ വേദന പരിഹരിക്കുന്നതിൽ നമുക്കൊരു ഉത്തരവാദിത്വമുണ്ട് എന്ന ചിന്തയും ആദിമ സഭയുടെ ഉൾക്കാഴ്ചയായിരുന്നു. മലങ്കരയിലെ നവീകരണവും ഈ ദർശനം ഹൃദയപൂർവ്വം ഉൾക്കൊള്ളുകയുണ്ടായി. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് കാലം ചെയ്ത ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഭൂഭവനദാന പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ നമ്മളാൽ കഴിയുന്നത് ചെയ്യേണ്ടതു നമ്മുടെ കടപ്പാടാണ് എന്ന ദർശനവും നവീകരണത്തിലൂടെ പകർന്നു കിട്ടിയ ഒരു കാഴ്ചപ്പാടായിരുന്നു. വചനത്തിന്റെ തീ നാളങ്ങൾകൊണ്ട് നവീകരണ പിതാക്കന്മാർ സഭയെയും സമൂഹത്തെയും ശുദ്ധീകരിച്ചതുപോലെ ശുദ്ധീകരിക്കുവാനും പുതുക്കുവാനുമുള്ള കൃപയ്ക്കായി നവീകരണത്തിന്റെ 180-ാം വാർഷികം ആചരിക്കുന്ന ഈ വേളയിൽ നമുക്ക് പ്രാർത്ഥിക്കാം. പ്രത്യേകിച്ചും 2016 ലെ 15 നോമ്പുവീടൽ ദിനത്തിൽ സഭയായി നമുക്കു പ്രാർത്ഥനയിൽ ജാഗരിക്കാം. ഇതോടനുബന്ധിച്ച് 'നവീകരണം – ഉൺമയും ഉയർച്ചയും' എന്ന വിഷയത്തെ ആസ്പദമാക്കി മാർത്തോമ്മാ സഭയുടെ ആനിമേഷൻ ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ 2016 ആഗസ്റ്റ് 15-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് തിരുവല്ല വി.ജി.എം. ഹാളിൽ ക്രമീകരിച്ചിട്ടുണ്ട്. സഭയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി തൽമേദ് (Teach the faith) ക്വിസ് മൽസരം അന്നേ ദിവസം രാവിലെ 10 മണി മുതൽ വി.ജി.എം. ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. വിശദാംശങ്ങൾ ഈ ലക്കം താരകയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ക്രമീകരണങ്ങൾ ചെയ്ത ആനിമേഷൻ സെന്ററിനെയും ഡയറക്ടർ റവ. ഏബ്രഹാം വർഗീസ് അച്ചനെയും അഭിനന്ദിക്കുന്നു.

ലോകരാഷ്ട്രങ്ങൾ ഇന്നു മാറ്റത്തിന്റെ പാതയിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. പലയിടങ്ങളിലും സംഘർഷങ്ങളും സംഘട്ടനങ്ങളും നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുന്നു. അമേരിക്കയിൽ സുവിശേഷ ശിക്ഷണത്തിന്റെയും ആർദ്രതയുടെയും കാലങ്ങൾ പിന്നിട്ട് വംശീയ കലാപങ്ങളുടെയും സംഘർഷങ്ങളുടെയും പ്രവണതകൾ പ്രത്യക്ഷപ്പെടുന്നത് വേദനാജനകമായ കാര്യമാണ്. പശ്ചിമേഷ്യയിൽ ഭീകരപ്ര

വർത്തനങ്ങൾ സ്വൈര്യജീവിതം അസാദ്ധ്യമാക്കിത്തീർത്തുകൊണ്ടിരിക്കുന്നു. ഫ്രാൻസിലും മറ്റും നടന്ന ഭീകരാക്രമണങ്ങൾ ലോകസമാധാനത്തിനു തന്നെ ഭീഷണികൾ ഉയർത്തിക്കൊണ്ടിരിക്കുന്നു. നിരപരാധികളായ ജനങ്ങൾ മതപരവും ജാതീയവുമായ അസഹിഷ്ണുതയുടെ ബലിയാടുകളാകുന്നത് എത്രയോ ദുഃഖകരമാണ്. കായീൻ സ്വന്തം സഹോദരനായ ഹാബേലിനെ കൊന്നു കൊലവിളി നടത്തിയപ്പോഴാണ് ഭൂമിയിൽ ആദ്യമായി മനുഷ്യരക്തം വീണതെങ്കിൽ ഇന്നു നിരപരാധികളായ അനേകം 'ഹാബേലു' മാരുടെ രക്തം ലോകമെമ്പാടും ചൊരിയപ്പെട്ടുകൊണ്ടിരിക്കുന്നു. സഹോദരന്റെ കാവൽക്കാരനായിരിക്കേണ്ടവൻ സഹോദരന്റെ കൊലപാതകിയായി മാറുമ്പോൾ ആ രക്തത്തിന്റെ നിലവിളി കേൾക്കുന്ന ഒരു ദൈവമുണ്ട് എന്നു തിരിച്ചറിയാൻ നമുക്കു കഴിയണം. സഹോദരരുടെ രക്തം വീണു ശാപഗ്രസ്തമായിത്തീരുന്ന ഒരു ലോകമല്ല, ജീവിതത്തിന്റെ സൗരഭ്യയാഗംകൊണ്ട് ദൈവപ്രസാദമുള്ള ഒരു ലോകമായിത്തീരുവാനായിരിക്കണം നമ്മുടെ പ്രാർത്ഥനകളും പ്രവർത്തനങ്ങളുമെല്ലാം. നിർദ്ദോഷ രക്തത്തിന്റെ നിലവിളികൾ ഭൂമിയിൽ നിന്നും ഉയരുമ്പോൾ നാം അത് കേൾക്കാതെ പോകുകയാണെങ്കിൽ അതിന്റെയർത്ഥം മനുഷ്യത്വം മരവിച്ചിരിക്കുന്നു എന്നാണ്. ഈ മരവിപ്പ് മാറി മനുഷ്യത്വം ഉണരേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

യൂറോപ്യൻ യൂണിയനിൽ നിന്നും പിന്തിരിയാനുള്ള ബ്രിട്ടന്റെ തീരുമാനം ലോകമെമ്പാടും വ്യത്യസ്തമായ പ്രതികരണങ്ങളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ബ്രിട്ടനിലെ പുതിയ പ്രധാനമന്ത്രിയായി തെരേസാമെയ് ചുമതലയിൽ പ്രവേശിച്ചു. അമേരിക്കയും പ്രസിഡണ്ട് തെരഞ്ഞെടുപ്പിന്റെ ചൂടിലേക്കു പ്രവേശിച്ചിരിക്കുകയാണ്. എല്ലായിടത്തും സ്ത്രീശാക്തീകരണത്തിന്റെ അലകൾ ആഞ്ഞടിക്കുകയാണ്. 100 ൽ പരം വർഷങ്ങൾക്കു മുമ്പ് മാർത്തോമ്മാ സഭ സ്ത്രീ ശാക്തീകരണത്തിനു ഗതിവേഗം കൂട്ടുവാനായി നിലപാടുകൾ എടുത്ത സഭയാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിക്കോൾസൺ സ്കൂളും കൊട്ടാരക്കര ഗേൾസ് സ്കൂളും ആരംഭിച്ചത് അതിന്റെ പ്രകടമായ ദൃഷ്ടാന്തങ്ങളാണ്. നിക്കോൾസൺ സ്കൂളിൽ പഠിച്ചിറങ്ങുന്ന പെൺകുട്ടികൾ ഒരു 'നിക്കോൾസൺ സംസ്കാര'ത്തിന്റെ കുലീനത അവർ ലോകത്തെവിടെ ചെന്നാലും പുലർത്തിയിരുന്നു എന്നതും പ്രസ്താവ്യമാണ്.

ഈ കാലഘട്ടത്തിൽ സർക്കാർ മുന്നോട്ടു കൊണ്ടുവരുന്ന 2 നിയമങ്ങൾ ഗൗരവമായ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതായിട്ടുണ്ട്. ഏകീകൃത സിവിൽ കോഡും ജുവനൈൽ ആക്ടും വസ്തുനിഷ്ഠമായിത്തന്നെ പഠിക്കേണ്ടതായിട്ടുണ്ട്. ഈ വിഷയത്തിന്റെ വിവിധ മാനങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടുകയും വ്യക്തമായ ധാരണകൾ രൂപപ്പെടുത്തുകയും വേണം. എടുത്തു ചാടിയുള്ള പ്രതികരണങ്ങൾ പലപ്പോഴും ബാലിശമായ വാദഗതികൾക്കായിരിക്കും രൂപം കൊടുക്കുക എന്നതും നാം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

ഓഗസ്റ്റ് 15 – നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യദിനം അന്നു നാം ആഘോഷിക്കുന്നു. സ്വതന്ത്രഭാരതത്തിന്റെ ഭരണഘടന ഒരു ഇന്ത്യൻ പൗരനു നൽകുന്ന സ്വാതന്ത്ര്യത്തിന്റെ അവകാശങ്ങളിൽ കൈകടത്തുവാനുള്ള ശ്രമം ആരുടെ ഭാഗത്തു നിന്നുണ്ടായാലും അതു അപലപനീയമാണ്. മനുഷ്യൻ എന്തു ഭക്ഷിക്കണം, ഏതു വസ്ത്രം ധരിക്കണം എന്നിത്യാദി കാര്യങ്ങളിൽ ഒരു വ്യക്തിയ്ക്കുള്ള സ്വാതന്ത്ര്യത്തെ ഹനിക്കുവാനുള്ള ശ്രമം പോലും പലരുടെയും ഭാഗത്തു നിന്നും ഉണ്ടാകുന്നത് പ്രതിഷേധാർഹമായ കാര്യമാണ്. ഒരു വ്യക്തിയ്ക്ക് തന്റെ മതവിശ്വാസം പ്രഖ്യാപിക്കാനുള്ള അവകാശം സ്വതന്ത്രഭാരതം നൽകുന്ന മൗലിക അവകാശമാണ്. വിശ്വാസത്തിന്റെ പേരിൽ പീഡനങ്ങൾ ഏറ്റു വാങ്ങിയാണ് ആദിമസഭ ശക്തമായ സാക്ഷ്യത്തിൽ വളർന്നത് എന്നതു ചരിത്രം നൽകുന്ന പാഠമാണ്. പോളിക്കാർപ്പ് എന്നു പേരായ സഭാപിതാവിന്റെ ജീവിത സാക്ഷ്യം ആവേശജനകമാണ്. ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ ധൂപം കാട്ടിയില്ലെങ്കിൽ കൊന്നുകളയും എന്ന ഭീഷണി മുഴക്കിയവരോട് അദ്ദേഹം പറഞ്ഞത് "കഴിഞ്ഞ 86 സംവൽസരക്കാലം എന്റെ അവിശ്വസ്തതപോലും കണക്കിടാതെ എന്നോട് വിശ്വസ്തനായിരുന്ന കർത്താവിനെ ഞാൻ ഉപേക്ഷിക്കയില്ല'' എന്നായിരുന്നു. ഫ്ളോറൻസ് നഗരത്തിലെ ഒരു ഒൻപതു വയസുകാരി പെൺകുട്ടിയോട് അവിടുത്തെ ഗവർണറുടെ മുമ്പിൽ വെച്ച് ക്രിസ്തീയ വിശ്വാസം ത്യജിച്ച് സാക്ഷ്യം പറയാൻ ആവശ്യപ്പെട്ടപ്പോൾ അവൾ അതിനു തയ്യാറായില്ല. അപ്പോൾ വളരെ പുച്ഛരസത്തോടു കൂടി ആ ഗവർണർ അവളോടു പറഞ്ഞു. "നീ വിശ്വസിക്കുന്ന നിന്റെ തച്ചൻ നിനക്കുവേണ്ടി ഇപ്പോൾ എന്തു ചെയ്യുകയാണെന്ന് നിനക്കറിയാമോ? നിനക്കു വേണ്ടി അവൻ ശവപ്പെട്ടി ഉണ്ടാക്കുകയാണിപ്പോൾ'' ഇതു കേട്ടിട്ട് അൽപം പോലും വിശ്വാസത്തിൽ നിന്നിളകാതെ അവൾ പറഞ്ഞു – "എന്റെ തച്ചൻ ഇപ്പോൾ എന്തു ചെയ്യുകയാണെന്നു ഞാൻ പറയാം. ആ തച്ചനിപ്പോൾ നിന്റെ രൂപാന്തരത്തിനു വേണ്ടി കാത്തിരിക്കുകയാണ്". എത്ര വലിയ സാക്ഷ്യം! പാശ്ചാത്യ ലോകത്ത് നവീകരണ കാഹളം മുഴക്കിയ മാർട്ടിൻ ലൂഥറും വിശ്വാസത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ പോരാടിയ വ്യക്തിയാണ്. മലങ്കരയിലെ നവീകരണ കാലഘട്ടത്തിൽ കേരളത്തിലേക്കു കടന്നു വന്ന ആംഗ്ലേയ മിഷനറി സംഘത്തിൽ ഉൾപ്പെട്ട ബിഷപ്പ് ഇംഗ്ലണ്ടിലെ ചക്രവർത്തിനി രക്ഷാധികാരിയായിരിക്കുന്ന സഭയിൽ അംഗമായി ചേർന്ന് സകല പ്രശ്നങ്ങളെയും മറി കടക്കാൻ ഏബ്രഹാം മൽപാനച്ചനെ ഉപദേശിച്ചപ്പോൾ മൽപാനച്ചൻ നൽകിയ മറുപടി ആഴമേറിയ വിശ്വാസ സ്ഥൈര്യത്തിന്റെ വാക്കുകളായിരുന്നു – "സായ്പിന്റെ തീൻമേശകളിലെ വിഭവങ്ങളേക്കാൾ അഭികാമ്യം ഞങ്ങളുടെ പഴങ്കഞ്ഞിയും ചമ്മന്തിയുമാണ്'' എന്നാണ് അദ്ദേഹം പ്രതികരിച്ചത്. ഈ ഉറപ്പായിരുന്നു നവീകരണത്തിന്റെ ബലം.

കേരളത്തിൽ ഒരു പുതിയ മന്ത്രിസഭ നിലവിൽ വന്ന് നയപരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വികസനത്തെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ഉണ്ടാകേണ്ടത് ഒരു ആവശ്യമാണ്. ഭരണ മുന്നണിയിലെ കക്ഷികൾ തന്നെ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ പുറത്തിറക്കുന്നത് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നിർജ്ജീവമാക്കുവാൻ മാത്രമേ സഹായകരമാകയുള്ളൂ. അതുപോലെ ഒരു ഐക്യമുന്നണി സംവിധാനത്തിൽ നിന്നശേഷം യാതൊരുവിധ ആദർശപരമായ കാരണങ്ങളുമില്ലാതെ ചുവടുമാറ്റി ചവിട്ടുന്നതും ആദർശധീരത അവകാശപ്പെടുന്ന ഒരു കക്ഷിക്കും ചേർന്നതല്ല എന്ന കാര്യവും ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ ഒരു യുവപട്ടക്കാരൻ കരൾസംബന്ധമായ രോഗം മൂലം വെല്ലൂർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരിക്കുകയാണ്. കരൾമാറ്റ ശസ്ത്രക്രിയയാണ് വിദഗ്ധരായ ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുന്നത്. 25 ലക്ഷത്തിൽപരം രൂപ ഈ ആവശ്യത്തിലേക്കു വേണ്ടിവരും. തുടർന്ന് രണ്ടു വർഷത്തേക്ക് പ്രതിമാസം 10,000 രൂപയുടെ മരുന്നും ആവശ്യമായി വരും. ഈ ആവശ്യത്തിലേക്ക് ഏവരുടെയും ഉദാരമായ സംഭാവനകൾ സഭാസെക്രട്ടറിയുടെ പേരിൽ സഭാഓഫീസിലേക്കു അയച്ചു കൊടുക്കണമെന്നു അറിയിക്കുന്നു. ദൈവം തങ്ങൾക്കു ദാനമായി നൽകിയിരിക്കുന്ന സൗഖ്യത്തിന്റെ മഹത്വം മനസ്സിലാക്കുന്നവർ ദൈവാത്മ പ്രചോദിതരായി ഈ സംരംഭത്തിൽ ക്രിയാത്മകമായി സഹകരിക്കും എന്നു പ്രതീക്ഷിക്കുന്നു. ചികിത്സയ്ക്കു വിധേയനായിക്കഴിയുന്ന അച്ചന്റെ അറിവോ സമ്മതമോ കൂടാതെ സോഷ്യൽ മീഡിയാവഴി പണസമാഹരണം നടത്തുവാൻ ചിലർ ശ്രമം നടത്തുന്നുണ്ട് എന്ന് അറിയുന്നു. ഇത്തരം പ്രവണതകൾ ഒട്ടും അഭിലഷണീയമല്ല എന്നും അറിയിക്കട്ടെ.

നമ്മുടെ കോട്ടയം എം.ടി. സെമിനാരി സ്കൂളിലെ ഒരു പൂർവ വിദ്യാർത്ഥിയാണ് പുതുതായി റാസ്സിയാറിയായുടെ സ്ഥാനിക മെത്രാപ്പോലീത്തായും പാപുവ ന്യൂഗിനിയുടെ അപ്പോസ്തോലിക് നൂൺഷ്യോയുമായി

അഭിഷിക്തനായ ആർച്ച് ബിഷപ്പ് മാർ കുര്യൻ മാത്യു വയലുങ്കൽ. മേൽപട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചിരിക്കുന്ന അഭിനവ ആർച്ച് ബിഷപ്പ് മാർ കുര്യൻ മാത്യു വയലുങ്കലിന് മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങളും ആശംസകളും പ്രാർത്ഥനാപൂർവം നേരുന്നു.

നമ്മുടെ തലപ്പാടി നസ്രേത്ത് മാർത്തോമ്മാ ഇടവകയിലെ യുവജനസഖ്യാംഗമായ അലക്സ് കുര്യൻ ജോർജ് കന്യാകുമാരി മുതൽ കാശ്മീർ വരെ സൈക്കിളിൽ യാത്ര ചെയ്ത് പ്രകൃതി സംരക്ഷണം, സ്ത്രീ സുരക്ഷിതത്വം, ലഹരിവിമുക്ത ഭാരതം എന്നീ ദർശനങ്ങളുടെ പ്രചരണം നടത്തി തിരിച്ചെത്തുകയുണ്ടായി. അനേകം പ്രതിസന്ധികളെയും ഭീഷണികളെയും നേരിട്ടാണ് നമ്മുടെ ഈ സഖ്യാംഗം ഈ പര്യടനം നടത്തിയത്. ഉന്നതമായ ദർശനത്തോടു കൂടി ഇപ്രകാരമൊരു സാഹസിക യാത്ര നടത്തിയ അലക്സ് കുര്യൻ ജോർജ്ജിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഓഗസ്റ്റ് മാസത്തിലെ ധ്യാനങ്ങളിലേക്കു നാം പ്രവേശിക്കുമ്പോൾ ഒന്നാം ഞായറാഴ്ച (ഓഗസ്റ്റ് 7) നാം ധ്യാനിക്കുന്നത് 'സുവിശേഷം എല്ലാവരിൽ നിന്നും എല്ലായിടത്തേക്കും' എന്ന ചിന്താവിഷയമാണ്. മിഷൻ സണ്ടേയായി നാം വേർതിരിച്ചിരിക്കുന്ന ദിനമാണത്. മുൻകാലങ്ങളിൽ യൂറോപ്പിൽ സുവിശേഷ തീക്ഷ്ണത ഉദയം ചെയ്തപ്പോൾ അവർ പ്രചരിപ്പിച്ച ഒരു പ്രധാന ആശയം ഏഷ്യയിലേക്കും ഇരുണ്ട ഭൂഖണ്ഡമെന്നു അന്ന് വിശേഷിപ്പിക്കപ്പെട്ട ആഫ്രിക്കയിലേക്കും സുവിശേഷത്തിന്റെ ദീപശിഖയുമായി പോകുന്നതാണ് സുവിശേഷ ധർമ്മം എന്നായിരുന്നു. സുവിശേഷ വെളിച്ചം ഉള്ളത് തങ്ങൾക്കാണെന്നും മറ്റുള്ളവരെല്ലാം ഇരുട്ടിലാണെന്നുമുള്ള തെറ്റിദ്ധാരണയാണ് അന്നു അവരെ ഭരിച്ചിരുന്നത്. ഇന്ന് അപ്രകാരമൊരു പ്രസ്താവന ചെയ്യാൻ ആരും ധൈര്യപ്പെടുകയില്ല. സുവിശേഷത്തിന്റെ വെളിച്ചം ഉൾക്കൊള്ളുന്ന എല്ലാവരും അതു മറ്റുള്ളവർക്കു കൂടി പങ്കു വെയ്ക്കുവാൻ കടപ്പെട്ടവരാണ്. 'സുവിശേഷം എല്ലാവരിൽ നിന്നും എല്ലായിടത്തേക്കും' എന്ന ചിന്തയുടെ പ്രസക്തി ഇന്ന് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന ഒരു വസ്തുതയാണ്. ഓഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച നാം ചിന്തിക്കുന്നത് വിശുദ്ധ കുർബ്ബാന എന്ന കൂദാശയെക്കുറിച്ചാണ്. കർത്താവിന്റെ കൽപനപ്രകാരം നാം അനുഷ്ഠിച്ചുവരുന്ന കൂദാശയാണ് വി. കുർബ്ബാന. അന്ത്യ അത്താഴവേളയിൽ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടാണ് 'ഇത് എന്റെ ശരീരം' എന്നു കർത്താവു പറഞ്ഞത്. പ്രത്യേകിച്ച് യാതൊരു വ്യാഖ്യാനവും കൂടാതെയാണ് കർത്താവ് ഇപ്രകാരം അനുഷ്ഠിച്ചത്. അതുകൊണ്ട് മാർത്തോമ്മാ സഭയും പ്രത്യേകം വ്യാഖ്യാനങ്ങൾ കൂടാതെ തന്നെ കർത്താവു പറഞ്ഞതുപോലെ നാം വി. കുർബ്ബാന അനുഷ്ഠിച്ചു വരുന്നു. വ്യത്യസ്തവും വൈരുദ്ധ്യം നിറഞ്ഞതുമായ പല പല വ്യാഖ്യാനങ്ങൾ നൽകി അതിന്റെ പേരിൽ കോടതിവരെ കയറിയ സഭകളും ഇന്നു ലോകത്തിലുണ്ട് എന്ന് നാം ഓർക്കണം. ഗത്സമനയിൽ യേശു പ്രാർത്ഥിക്കുവാൻ മുട്ടു കുത്തിയപ്പോൾ യേശു പ്രാർത്ഥിച്ചത് "എന്റെ ഹിതമല്ല, നിന്റെ ഹിതം തന്നെ നിറവേറട്ടെ' എന്നായിരുന്നു. ഈ പ്രാർത്ഥന തന്നെയാണ് 33 വർഷങ്ങൾക്കു മുമ്പ് യേശുവിന്റെ അമ്മ ദൂതനോടു പറഞ്ഞത്. "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ." മറിയ ഈ പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ കരങ്ങളിലേക്ക് തന്നെത്തന്നെ ഏൽപിക്കുകയായിരുന്നു. പുത്രനായ ക്രിസ്തു ഗത്സമനയിൽ പിതാവിന്റെ കരങ്ങളിലേക്ക് തന്നെത്തന്നെ ഏൽപിക്കുകയായിരുന്നു. പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കപ്പെട്ട പുത്രൻ ദുഃഖവെള്ളിയാഴ്ച ലോകത്തിന്റെ കരങ്ങളാൽ നുറുക്കപ്പെട്ടുവെങ്കിലും മൂന്നാംനാൾ ലോകം നുറുക്കിയതിനെ പിതാവായ ദൈവം കൂട്ടിച്ചേർത്തു. ദുഃഖവെള്ളിയാഴ്ച ലോകം ചിന്തിച്ചു - ഒരു നല്ല മനുഷ്യനു ഇങ്ങനെ സംഭവിച്ചതെന്ത്? എന്നാൽ ആ ചോദ്യത്തിന് ദൈവം ലോകത്തിനു മറുപടി നൽകിയത് മൂന്നാം നാളാണ്. ജീവിതത്തിൽ വർത്തമാനകാല അനുഭവങ്ങളിൽ നാം ചോദിക്കുന്ന പല ചോദ്യങ്ങൾക്കും ദൈവം ഉത്തരം നൽകുന്നത് ഉത്തരം നൽകേണ്ട സമയത്തു തന്നെയാണ്. ഇതു നാം വിസ്മരിച്ചു പോകരുത്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കാണുവാൻ പദവി ലഭിച്ചത് മഗ്ദലനക്കാരത്തി മറിയയ്ക്കായിരുന്നു. എന്നാൽ ദുഃഖത്തിന്റെ മിഴിനീരോടുകൂടി നിന്ന മറിയയ്ക്ക് ഉയിർത്തെഴുന്നേറ്റ യേശുവിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. നമ്മുടെ കണ്ണുനീരിന്റെ വേളയിലും ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ സമീപത്തു നിൽപുണ്ട്. എന്നാൽ അതു കാണണമെങ്കിൽ വിശ്വാസത്തിന്റെ കണ്ണുകൾ തുറക്കപ്പെടണം. മറിയയെ കർത്താവു പേരുചൊല്ലി വിളിച്ചപ്പോൾ അവളുടെ സംശയങ്ങളെല്ലാം മാറി. പിന്നീട് ശിഷ്യന്മാരുടെ കൂട്ടത്തിനു കർത്താവു പ്രത്യക്ഷനായി. അവർക്കു സമാധാനം നൽകി ബലപ്പെടുത്തി. എന്നാൽ അക്കൂട്ടത്തിൽ തോമസ് അപ്പോസ്തലൻ ഇല്ലായിരുന്നു. എന്നാൽ 8 ദിവസം കഴിഞ്ഞപ്പോൾ തോമസു കൂടി ഉൾപ്പെട്ട ശിഷ്യ സമൂഹത്തിന്റെ മുമ്പിൽ യേശു പ്രത്യക്ഷനായി, ബുദ്ധിപരമായ ഒരു സംശയം ചോദിക്കുകയും തെളിവ് അന്വേഷിക്കുകയും ചെയ്ത തോമസിനെ കർത്താവിന്റെ സാന്നിധ്യം ബലപ്പെടുത്തി. എക്കാലത്തെയും ഏറ്റവും വലിയ വിശ്വാസപ്രഖ്യാപനം 'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ' എന്നു തോമസ് നടത്തി. എമ്മവൂസിലേക്കു ഭയചകിതരായി യാത്ര ചെയ്ത ക്ലെയോപ്പാവിനും കൂട്ടാളിയ്ക്കും യേശു സംശയങ്ങൾ തീർത്തുകൊടുത്തത് കൂടെ നടന്നു കൊണ്ടായിരുന്നു. യാത്രയുടെ അവസാനത്തിങ്കൽ അവരുടെ ഭവനത്തിലേക്കു ഈ അപരിചിതനെ അവർ ക്ഷണിച്ചു. അത്താഴവേളയിൽ അപ്പം എടുത്തു വാഴ്ത്തി നുറുക്കിക്കൊടുത്തപ്പോൾ കർത്താവിനെ അവർ തിരിച്ചറിഞ്ഞു. എവിടെനിന്നാണോ ഭയപ്പെട്ടു ഓടിപ്പോന്നത് ആ യെരുശലേമിലേക്കു ആ രാത്രിയിൽ ഉയിർപ്പിന്റെ സാക്ഷ്യം അറിയിക്കാൻ അവർ യാത്രയായി. അറിഞ്ഞ സത്യത്തെ പ്രഘോഷിക്കുന്ന ഈ മാതൃക നമ്മുടെയും അനുഭവമായിത്തീരണം. ഓഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച സഭാനവീകരണദിനമായി നാം ആചരിക്കുന്നു. ദൈവവചനത്തിന്റെ പരമാധികാരം എന്നതാണ് അന്നത്തെ നമ്മുടെ ധ്യാനവിഷയം. മലങ്കര സഭയിലെ നവീകരണം ദൈവവചനത്തിന്റെ ശക്തിയുടെ ഒരു അടയാളമാണ്. വചനത്തിന്റെ അഗ്നിനാളങ്ങൾ കൊണ്ടാണ് സഭയെ നവീകരണശിൽപികൾ ശക്തീകരിച്ചതും നവീകരിച്ചതും. വചനത്തിനു ഇന്നും ഈ രൂപാന്തരം സൃഷ്ടിക്കാൻ വ്യക്തികളിൽ, കുടുംബങ്ങളിൽ, സഭയിൽ, സമൂഹത്തിൽ നിശ്ചയമായും സാധിക്കും. ഓഗസ്റ്റ് 28 ഞായറാഴ്ച ദുഷ്ടതയുടെ മധ്യത്തിൽ ദൈവികസമാധാനം എന്ന ചിന്തയാണ് നാം ധ്യാനിക്കുന്നത്. ഇക്കാലത്തു ഏറ്റവും സംഗതമായ ദൂതാണത്. ഉയിർത്തെഴുന്നേറ്റ കർത്താവ് സ്വർഗാരോഹണത്തിനു മുമ്പായി തന്റെ ശിഷ്യരോടു പറഞ്ഞു. "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ട്" (മത്തായി 28:20). ഏതു പ്രതിസന്ധിയിലും മനം ഇടറാതെയും കാലിടറാതെയും വിശ്വാസസ്ഥൈര്യത്തോടു കൂടി നിൽക്കാൻ നമുക്കു ശക്തി നൽകുന്നത് നമ്മുടെ കർത്താവിന്റെ ഈ സാന്നിധ്യത്തിന്റെ ഉറപ്പാണ്. സാഹചര്യങ്ങളുടെ ആനുകൂല്യങ്ങൾ കൊണ്ടു ലഭ്യമാകുന്ന താൽക്കാലിക സമാധാനമല്ല, ക്രിസ്തുവിലൂടെ ലഭ്യമാകുന്ന ശാശ്വതമായ സമാധാനത്തിന്റെ ഓഹരിക്കാരായി നമ്മുടെ സാക്ഷ്യത്തിൽ മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
28-07-2016

ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ